(സി) റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണെന്നാണ് അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുള്ളത്.

ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി

(77) പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂട്ട ആത്മഹത്യകൾ ക്രമാതീതമായി വർദ്ധിച്ചു വരുന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ ആത്മഹത്യാനിരക്ക് അഖിലേന്ത്യാ ശരാശരിയെക്കാൾ കൂടുതലാണെന്നുള്ള കാര്യം ഗവൺമെന്റിനറിവുണ്ടോ;

(സി) കുടുംബപ്രശ്നങ്ങളോടൊപ്പം സാമ്പത്തിക പരാധീനതകളും കടക്കെണിയുമാണ് ആത്മഹത്യാനിരക്കും കുടുംബ ആത്മഹത്യകളും വർദ്ധിക്കാനുള്ള കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുള്ള വിവരം ഗവൺമെന്റിനറിവുണ്ടോ; വിശദാംശം നൽകാമോ;

(ഇ) ഏതെങ്കിലും ഏജൻസിയുടെ പഠനത്തിൽ കൂട്ട ആത്മഹത്യകളിലെ സാമ്പത്തിക പശ്ചാത്തലം പഠനവിധേയമാക്കിയിട്ടുണ്ടോ;

(എഫ്) ഏതെങ്കിലും പഠന ഏജൻസി ആത്മഹത്യാനിരക്ക് കുറച്ചു കൊണ്ടു വരുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ അത് സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) കുടുംബപ്രശ്നം, മാരകരോഗം, സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയാണ് ആത്മഹത്യയ്ക്കുള്ള പ്രധാനകാരണങ്ങൾ.

(ഡി)-(ജി) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി ആസ്ട്രേലിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന (റോസ് ഫൗണ്ടേഷൻ) എന്ന സന്നദ്ധ സംഘടനയുമായി സഹകരിച്ച് കേരളത്തിലെ ആത്മഹത്യ നിരക്കിനെയും അതിനെ നേരിടാൻ ഇന്നു നിലവിലുള്ള സംവിധാനത്തെയും വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവണതയെ ചെറുക്കുന്നതിനായുള്ള ഒരു കരട് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly